**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 398** | **18.10.2011 ൽ മറുപടിയ്ക്ക്**

## ജലസേചന പദ്ധതി പ്രദേശങ്ങളിലെ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**~~ശ്രീ.ജെയിംസ് മാത്യു~~** | | **ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പദ്ധതി പ്രദേശങ്ങളിലാണ് ടൂറിസം സാദ്ധ്യതകൾ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | നെയ്യാർ, അരുവിക്കര,പേപ്പാറ, മംഗലം, തുമ്പൂർമൂഴി, മലങ്കര, നേരിയമംഗലം, ഭൂതത്താൻകെട്ട്, വാഴാനി, പീച്ചി, മലമ്പുഴ തുടങ്ങിയ വിവിധ ഡാമുകളിൽ ടൂറിസം വികസനപ്രവർത്തനങ്ങളും തെന്മല, ചിമ്മിണി, പെരിയാർ, ശിരുവാണി, പറമ്പിക്കുളം, നെയ്യാർ എന്നിവിടങ്ങളിൽ ഇക്കോടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) ഏതെങ്കിലും പദ്ധതി പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കാമോ ; | (ബി) | കണ്ണൂർ ജില്ലയിലെ പഴശ്ശി ഇറിഗേഷൻ പദ്ധതിയുമായും പാലക്കാട് ജില്ലയിലെ മംഗലം-മീങ്കര ഡാമുമായും ബന്ധപ്പെടുത്തി ടൂറിസം വികസിപ്പിക്കാനുള്ള നിർദ്ദേശം നിലവിലുണ്ട്. |
| (സി) അവയിൽ ടൂറിസം ഡെസ്റ്റിനേഷനായി അംഗീകരിക്കപ്പെട്ടവ ഏതൊക്കെയാണ് ; ടൂറിസം-ജലവിഭവ വകുപ്പധികൃതർ മുൻമന്ത്രിതലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ടൂറിസം വികസനത്തിന് എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നു; അവ നടപ്പിലാക്കി വരുന്നുണ്ടോ ? | (സി) | മലമ്പുഴ ടൂറിസം ഡെസ്റ്റിനേഷനായി അംഗീകരിച്ചിട്ടുണ്ട്. മേൽപറഞ്ഞ സ്ഥലങ്ങളിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നതിനായി അവലോകന യോഗം ചേർന്നിട്ടുള്ളതും അവലോകന യോഗതീരുമാനപ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിയും വരുന്നു. |

സെക്ഷൻ ഓഫീസർ